കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ശ്രീ.കെ. വിശ്വനാഥൻ, സെക്രട്ടറി (പ്രൊവിഷണൽ) - നിയമനത്തിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(ആർ.റ്റി.) നം. 303/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 27.01.2016.

=========================================================================

**പരാമർശം :** 1) 18.10.2013 തീയതിയിലെ സ.ഉ. (സാധാ) നം. 2547/13/തസ്വഭവ.
2) 01.11.2013 തീയതിയിലെ സ.ഉ.(സാധാ) നം.2687/13/തസ്വഭവ.
3) ശ്രീ. കെ. വിശ്വനാഥൻ സമർപ്പിച്ച 21.02.2014 തീയതിയിലെ അപേക്ഷ.
4) നഗരകാര്യ ഡയറക്ടറുടെ 24.06.2015 തീയതിയിൽ അവസാനിക്കുന്ന ഇ2-4737/14 നമ്പർ കത്തിടപാടുകൾ.

**ഉത്തരവ്**

കൊച്ചി നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.കെ. വിശ്വനാഥനെ ഒന്നാം പരാമർശിത ഉത്തരവു പ്രകാരം പാലാ നഗരസഭാ സെക്രട്ടറിയായി നിയമിച്ചെങ്കിലും ടിയാന് ടി തസ്തികയിൽ ജോയിൻ ചെയ്യാൻ കഴിയാതെ വരികയും പിന്നീട് രണ്ടാം പരാമർശിത ഉത്തരവ് പ്രകാരം ആറ്റിങ്ങൽ നഗരസഭാ സെക്രട്ടറിയായി 04.11.2013 പൂർവ്വാഹ്നത്തിൽ ചുമതലയേൽക്കുകയും ചെയ്തു. ടിയാന് ജോലിയിൽ പ്രവേശിക്കാൻ കഴിയാതിരുന്ന 21.10.2013 മുതൽ 03.11.2013 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കണമെന്ന മൂന്നാം പരാമർശിത അപേക്ഷ 4-ാം പരാമർശിത കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.കെ. വിശ്വനാഥൻ നിയമനത്തിനായി കാത്തു നിന്ന 21.10.2013 മുതൽ 03.11.2013 വരെയുള്ള കാലം കെ.എസ്.ആർ. ഭാഗം I ചട്ടം 12(7) ന് താഴെയുള്ള കുറിപ്പ് 4 പ്രകാരം സൂപ്രണ്ട് തസ്തികയിൽ ഡ്യൂട്ടിയായി കണക്കാക്കി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**
**സോണിയ വാഷിംഗ്ടൺ,**
**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ. കെ. വിശ്വനാഥൻ, സെക്രട്ടറി (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനവകുപ്പ് (DEV-1/287/2014-FIN പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**